**കർണ്ണൗ പിധായ നിരിയാദ്യദകൽപ്പ ഇശേ**
**ധർമ്മാവിതര്യസൃണിഭിർന്നൃഭിരസ്യമാനേ**
**ഛിന്ദ്യാത് പ്രസഹ്യ രുശതീമസതീം പ്രഭുഞ്ചേത്**
**ജിഹ്വാമസൂനപി തതോ വിസൃജേത് സ ധർമ്മ: (4-4-17)**

മൈത്രേയൻ തുടർന്നു:
സതിക്ക് ശിവനോട് ഈർഷ്യയുണ്ടായി. ആഗ്രഹവും ദു:ഖവും ദേഷ്യവും എല്ലാം ചേർന്ന് അവളുടെ ബുദ്ധി മൂടിയിരുന്നു. നന്തി തുടങ്ങിയ ശിവഗണങ്ങളുമൊപ്പം സതി സ്വന്തം മാതാപിതാക്കളുടെ ഗൃഹത്തിലേക്ക് തിരിച്ചു. യാഗശാലയിൽ ദക്ഷൻ പൂജയുടെ ചടങ്ങുകൾ നടത്തുന്നു. സഭാവാസികളായ ദേവന്മാരോ മുനിമാരോ ആരും ദക്ഷകോപം ഭയന്ന് സതിയെ ആദരിച്ചില്ല. സ്ത്രീജനങ്ങൾ മാത്രം സതിയെ സ്വാഗതം ചെയ്തു. ദേവന്മാരിൽ ശിവനുമാത്രം യാഗവിഹിതം വെച്ചിട്ടില്ലെന്ന് അവൾ കണ്ടു. സ്വന്തം സ്ഥാനമാനത്തിലും പഠിപ്പിലും അഹങ്കാരമുണ്ടായിത്തീർന്ന ദക്ഷൻ മനപ്പൂർവ്വം ശിവനിന്ദ ചെയ്യുകയാണ്.

സതി പറഞ്ഞു: “അല്ലയോ ബ്രാഹ്മണരേ, നിങ്ങൾ മറ്റുള്ളവരുടെ മഹിമയിലും കുറ്റം കണ്ടുപിടിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ ചെറിയ മഹത്വം പോലും വലുതാക്കിക്കണ്ട് ബഹുമാനിക്കുന്നവരാണ് ഉന്നതരായ മഹജ്ജനങ്ങൾ. അളവില്ലാത്ത ശക്തിയും മഹിമയുമുള്ള ശിവനെ നിങ്ങൾ വെറുക്കുന്നു. എങ്കിലും ആ രണ്ടക്ഷരം ഉച്ചരിക്കുന്ന മാത്രയിൽ എല്ലാ പാപങ്ങളും ശമിക്കുന്നു എന്നറിയുക. നിങ്ങൾ ശിവനെ പവിത്രതയില്ലാത്തവനെന്നു പറയുന്നു. ബ്രഹ്മദേവൻപോലും ആ പാദങ്ങളെ പൂജിക്കുമ്പോൾ നിങ്ങളുടെ ഈ ആരോപണത്തിനെന്തു സാംഗത്യം? ഇനി ഞാനിവിടെ നിന്നുകൂടാ. അധാർമ്മിയും ദൈവനിന്ദകനുമായ ഒരുവൻെറ ദുഷ്ടത കിനിയുന്ന നാവ് കഴിയുമെങ്കിൽ പിഴുതെടുക്കണം. എന്നിട്ട് സ്വയം ജീവനൊടുക്കണം. അതിനു ശക്തിയില്ലെങ്കിൽ കാതുകൾ പൊത്തിയടച്ച് ആ സ്ഥലം വിടണം. അതാണ് ശരിയായ നടപടി. നിങ്ങളുടെ പൂജാഘോഷങ്ങളെ ഞാൻ വെറുക്കുന്നില്ല. കാരണം, വേദസംഹിതാനുസാരിയായ കർമ്മങ്ങളും യാഗങ്ങളും പ്രധാനമായി കണക്കാക്കുന്നവരും ആത്മസാക്ഷാത്ക്കാരത്തിന് അവയേക്കാൾ പ്രാധാന്യം നൽകുന്നവരും ഉണ്ടല്ലോ. ഈ രണ്ടു പാതകളും വിഭിന്നങ്ങളത്രെ. ഒരുവൻ സ്വധർമ്മം ഭംഗിയായി അനുഷ്ടിക്കണം. എന്നാൽ, മറ്റേവിഭാഗത്തിൻെറ ചെയ്തികളെ താഴ്ത്തിക്കണ്ടുകൂടാ. ശിവൻ, പരമാത്മ സ്വരൂപംതന്നെയായതിനാൽ സ്വയം എല്ലാവിധ കടമകൾക്കും കർമ്മങ്ങൾക്കും അതീതനത്രെ. നിങ്ങൾ അങ്ങിനെയുള്ള ശിവനു നിരക്കാത്ത രീതിയിലാണ് പെരുമാറുന്നത്. ഇനി നിങ്ങളിൽനിന്നു ജനിച്ച ഈ ശരീരം ഞാൻ വെച്ചുകൊണ്ടിരിക്കയില്ല.”

ഇത്രയും പറഞ്ഞ് സതി, യോഗവിധിപ്രകാരമുള്ള അഗ്നിയിൽ ശരീരമുപേക്ഷിക്കാൻ തയ്യാറെടുത്തു. അവൾ പ്രാണനെയും അപാനനെയും സൂര്യനാഡിയിലെത്തിച്ചു. ഉദാനൻെറ സഹായത്തോടെ ഈ ശക്തിയെ ഹൃദയഭാഗത്തെത്തിച്ച് ബോധമണ്ഡലവുമായി ചേർത്തുവെച്ചു. അതിനെ കണ്ഠനാളിയിലൂടെ കടത്തി ഇരുപുരികങ്ങൾക്കുമിടയിലെത്തിച്ച് ഭഗവാൻെറ താമരപ്പാദങ്ങളിൽ ധ്യാനനിമഗ്നയായിരിക്കെ യോഗാഗ്നി യുണ്ടാവുകയും അതവളുടെ ശരീരത്തെ പൊതിയുകയും ചെയ്തു. ആകാശദേവതകൾ ദക്ഷനെ ഉപേക്ഷിച്ചു. ശിവഗണങ്ങൾ ദക്ഷനെയും കൂട്ടരേയും കൊല്ലാൻ തുനിഞ്ഞെങ്കിലും, മാന്ത്രികമായ ഒരു കർമ്മംകൊണ്ട് ആയിരക്കണക്കിന് സത്വങ്ങളെ യാഗാഗ്നിയിൽ നിന്നു സൃഷ്ടിച്ചാണ് ഭൃഗുമുനി ശിവഗണങ്ങളെ യാഗശാലയിൽനിന്നും ആട്ടിപ്പായിച്ചത്.

-------------------------------

ആളുകൾ പ്രകടമായ കാരണങ്ങൾ കൂടാതെ തന്നെ തീപ്പെടുന്നതിനെപ്പറ്റി ചരിത്രത്തിൽ പല രേഖകളുമുണ്ട്.